**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.211

28-10-2019 ൽ മറുപടിയ്ക്ക്

## പെരിങ്ങോം ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | കഴിഞ്ഞ 15 വർഷമായി പെരിങ്ങോം - വയക്കര ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന പെരിങ്ങോം ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ; | എ) & ബി) | കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി പെരിങ്ങോം വില്ലേജിൽ റീ-സർവ്വേ നമ്പർ 51 ൽ പ്പെടുന്ന 60.70 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വകുപ്പിന് കൈമാറാൻ ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി ലഭ്യമാക്കിയ 3.74 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക, ഒരു ഫയർ സ്റ്റേഷൻ കെട്ടിടത്തെ സംബന്ധിച്ച് ഉയർന്ന തുക ആയതിനാൽ ഫയർ സ്റ്റേഷനുവേണ്ട അത്യാവശ്യം ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി കോസ്റ്റ് ഇഫക്ടീവായ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യത ഉറപ്പാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വകുപ്പ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി വകുപ്പ് മേധാവി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |
| ബി) | ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; | | |
| സി) | ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) | പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ